"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം സാധൂകരിച്ചുകൊണ്ടും, കെയ്സിന്റെ ഓർഗനോഗ്രാം അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം.12/2026/LBR തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 28.10.2013-ലെ സ.ഉ(കൈ)നം.131/2013/തൊഴിൽ
2. 02.12.2016-ലെ സ.ഉ(സാധാ) നം 1501/2016/തൊഴിൽ
3. 28.05.2018-ലെ സ.ഉ(അച്ചടി)നം. 47/2018/തൊഴിൽ
4. 28.12.2019-ലെ സ.ഉ.(കൈ)നം.70/2019/തൊഴിൽ
5. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 03/02/2024-ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം.
6. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 23/02/2024-ലെ KASE/1031/2020/Exe5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ കമ്പനീസ് ആക്ട് സെക്ഷൻ 8 പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE). സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലായി നടന്നുവരുന്ന നൈപുണ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനു വേണ്ടി കെയ്സിനെ ഒരു സ്കിൽ ഡെവലപ്മെന്റ് മിഷനായി രൂപീകരിച്ച് കൊണ്ട് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പരാമർശം (3)-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പു വരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായും ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി ഒരു സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ നിശ്ചയിക്കുകയും, സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിരിക്കുന്ന KASE-നെ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുവാൻ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

2) പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ 70,000/- രൂപ മൊത്തശമ്പളം (consolidated pay) നൽകി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയും തുടർന്ന് പരാമർശം (4)-ലെ ഉത്തരവ് പ്രകാരം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ തസ്തികയുടെ മൊത്തശമ്പളം 01.04.2018 മുതൽ 1,20,000/- രൂപയായി പുതുക്കി നല്കിയിട്ടുമുണ്ട്.

3) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ (തീരുമാനം നം.31/06/2023-24) അടിസ്ഥാനത്തിൽ 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമം (അനുബന്ധം-1) സാധൂകരിക്കുന്നതിനും, കെയ്സിന്റെ ഓർഗനോഗ്രാം (അനുബന്ധം-2) അംഗീകരിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയ KASE-ലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് KASE മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച അനുബന്ധം 1 ആയി ചേർത്തിരിക്കുന്ന 03/02/2024 ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം, സർക്കാർ അനുമതിയില്ലാതെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിയിട്ടുള്ള ക്രമത്തിൽ കവിഞ്ഞ വർദ്ധനവ് തിരിച്ചുപിടിക്കുന്നതിനു പകരം, ഭാവിയിൽ അനുവദിക്കുന്ന വർദ്ധനവിൽ തട്ടിക്കിഴിക്കുന്നതാണെന്നും, ഭാവിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമെ KASE-ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കാവൂ എന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി സാധൂകരിച്ചുകൊണ്ടും, നിലവിലുള്ള ജീവനക്കാർക്ക് കൂടി സംരക്ഷണം ലഭ്യമാകത്തക്കവിധം മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ അനുബന്ധം-2-ലെ ഓർഗനോഗ്രാം അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (02.03.2026ലെ 2796304/LBR-1/117/2024-FIN പ്രകാരം)
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3870 തീയതി 10.03.2026)
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 12-03-2026 13:34:35
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭരണസമിതി 1

KASE/1031/2020-Exe5

/671050/2024

# KERALA ACADEMY FOR SKILLS EXCELLENCE

(A Government of Kerala Undertaking)
Registered Office: 3rd Floor, Carmel Tower, Vazhuthacaud,
Thiruvananthapuram- 695 014.

## PROCEEDINGS OF THE MANAGING DIRECTOR

(Present Dr Veena N Madhavan IAS)

**Sub:** KASE – Revision of Salary and Re-designation of posts - Sanctioned - Orders Issued.

**Read:** 1) Letter no.CMD/RKB/121-A/2024 dated 19/01/2024 from CMD
2) Decision no. 31/6 of 31 st Board of KASE

**ORDER No. KASE/1031/2020-Exe5 DATED: 03-02-2024**

The 29th Director Board meeting of KASE held on 22 nd December 2022 discussed in detail about the corrective measures to address the grievances of KASE employees related to promotion and salary fixation. The Board has then authorised Managing Director KASE to engage CMD for framing an HR Policy for KASE. The Board also authorised the Managing Director to prepare a proposal for anomaly fixation in tune with the HR Policy framed by CMD.

As authorised by the Board of Directors, CMD was engaged to study the anomalies in the current pay structure, prepare an organogram, develop HR Policy and to submit a revised salary structure for the employees of KASE. The CMD has conducted detailed study and submitted an organogram and has suggested re-designating some posts as part of anomaly fixation. The CMD has also submitted a report for revision of salary considering the educational qualifications and experience of KASE employees. The proposal submitted by the CMD was placed before the 31st Board meeting held on 23.01.2024 and Board approved the proposal, including the revision of salary of the employees w.e.f January 2024 with direction to submit a proposal for the ratification of the salary revision to the government. Board also authorized the MD to meet the additional financial commitment on account of the pay revision from own revenue of KASE.

**Accordingly, the Re-designation of certain posts and revision of salary is sanctioned w.e.f January 2024 as detailed below:**


| Sl. No | Name and Designation of Employees | Consolidated Pay (Present) | Re-designation | Revised Salary |
|---|---|---|---|---|
| 1 | Vinod T V, Chief Operating Officer | 1,20,000 | No change | 1,50,000 |
| 2 | Subin Das. S, Manager (Operations) | 70,000 | Manager (Operations & Strategy) | 80,000 |
| 3 | Reshmi.M B, Manager (HR & Placements) | 70,000 | Manager (HR & Administration) | 80,000 |
| 4 | Anoop R, Manager Skill Development | 70,000 | No change | 80,000 |
| 5 | Malin.M, Manager (Projects & New Initiatives) | 70,000 | Manager (Projects) | 80,000 |
| 6 | Aneesh R, Assistant Manager (F&A) | 43,000 | Accounts Manager | 70,000 |
| 7 | Sivadutt.S, Project Manager (Civil) | 50,000 | No change | 55,000 |
| 8 | Smitha.C, Senior Executive Project | 40,000 | Assistant Manager (Projects) | 55,000 |

| | | | | |
|---|---|---|---|---|
| 9 | Midhun M, Executive- Accounts | 30,000 | Senior Executive (Accounts) | 45,000 |
| 10 | Anu Nair, Executive Administration | 30,000 | Senior Executive (Administration) | 45,000 |
| 11 | Harsha P S, Senior Executive (IT) | 40,000 | No change | 45,000 |
| 12 | Anandhu Krishnan KS, Executive Projects | 30,000 | Senior Executive (Placements) | 45,000 |
| 13 | Jopaul P Vergil, Project Engineer (Civil) | 35,000 | No change | 45,000 |
| 14 | Adityan. A, Project Engineer (Electrical) | 35,000 | No change | 45,000 |
| 15 | Hariprasand R, Facilities Coordinator | 35,000 | No change | 45,000 |
| 16 | Anju K Raju, Executive Accounts | 35,000 | No change | 40,000 |
| 17 | Nikhil Sudheesh, Executive Projects | 30,000 | Executive (Training) | 40,000 |
| 18 | Abhilash A J, Executive HR & Admin | 30,000 | Executive (HR) | 40,000 |
| 19 | Dhanya Mohan S, EA to MD | 30,000 | No change | 40,000 |
| 20 | Praveena Sankar P, CA to COO | 25,000 | Executive Assistant to COO | 30,000 |
| 21 | Yasoda N, Executive Front Office | 25,000 | Junior Executive (Reception Operations) | 30,000 |
| 22 | Priya K, Data Entry Operator cum Telecaller | 21,175 | No change | 21,810 |
| 23 | Ratheesh Kumar V, Driver | 20,872 | No change | 22,567 |
| 24 | Sreekanth V, Office Assistant | 18,390 | No change | 19,510 |
| 25 | Abhilash A, Office Assistant | 18,390 | No change | 19,510 |
| 26 | Akash S L, OACum Multi-Tasking Staff | 18,390 | Office Assistant | 19,510 |
| 27 | Sarath S, BDM cum Centre Manager Kollam | 35,000 | Business Development Executive | 40,000 |
| 28 | Soorya K R, BDM cum Centre Manger Kozhikode | 35,000 | Business Development Executive | 40,000 |
| 29 | Sethulakshmi M, BDM cum Centre Manager Palakkad | 35,000 | Business Development Executive | 40,000 |
| 30 | Arun T, BDM cum Centre Manager Kasaragod | 35,000 | Business Development Executive | 40,000 |

The proposal for the ratification of the salary revision shall be submitted to government as per the decision of the Board.

**Dr VEENA N MADHAVAN IAS**
**Managing Director**
**Kerala Academy for Skills Excellence**

അനുബന്ധം 2




| | |
|---|---|
| (unshaded) | Vacant Post (By Promotion) |
| (light grey) | Post Created by GO |
| (dark grey) | Post Created by Board |
| (light shade) | Post Created by Board & Current requirement |

| Sl. No | Designation | Current Status | No. of Posts |
|---|---|---|---|
| 1 | Managing Director (MD) | Post Created by GO | |
| 2 | Chief Operating Officer (COO) | Post Created by GO | |
| 3 | Finance Officer (FO) | Post Created by GO | |
| 4 | Company Secretary (CS) | Post Created by GO | |
| 5 | Deputy General Manager (DGM) | Post Created by Board | 1 |
| 6 | Assistant General Manager (AGM) | Post Created by Board | 5 |
| 7 | Manager | Post Created by Board | 4 |
| 8 | Accounts Manager | Post Created by Board | 1 |
| 9 | Project Manager Civil | Post Created by Board | 1 |
| 10 | Senior Officer | Post Created by Board | 2 |
| 11 | Senior Officer Accounts | Post Created by Board | 1 |
| 12 | Project Engineer | Post Created by Board | 2 |
| 13 | Divisional Officer | Post Created by Board | 13 |
| 14 | Business Development Officer | Post Created by Board | 6 |
| 15 | Executive Assistant to MD (EA to MD) | Post Created by Board | 1 |
| 16 | Executive Assistant to COO (EA to COO) | Post Created by Board | 1 |
| 17 | Junior Executive - Reception & Front Office Operations | Post Created by Board | 1 |
| 18 | Junior Executive - Data Entry Operator cum Telecaller | Post Created by Board | 1 |
| 19 | Driver | Post Created by Board | 1 |
| 20 | Office Assistant | Post Created by Board | 3 |
| | **Total No. of Required Posts** | | 44 |

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 10-03-2026

ഫയൽ നം. സി3/40/2024/തൊഴിൽ. ഇനം നം: 3870

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം സാധൂകരിക്കുന്നതും, കെയ്സിന്റെ ഓർഗനോഗ്രാം അംഗീകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Office of the Special Secretary, Labour & Skills Department, Government of Kerala, Secretariat, Thiruvananthapuram
11/3

3870

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : സി3/40/2024/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം സാധൂകരിക്കുന്നതും, കെയ്സിന്റെ ഓർഗനോഗ്രാം അംഗീകരിക്കുന്നതും സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 02/03/2026 & 05/03/2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി എൻ.കെ.ചന്ദ്ര |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീ ഷാനവാസ് എസ് |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 06/03/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08/03/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ വി.ശിവൻകുട്ടി |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 09/03/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 09/03/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : 10/03/2026 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : സ.ഉ(കൈ)നം.12/2026/LBR, 12/03/2026 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ (തീരുമാനം നം.31/06/2023-24) അടിസ്ഥാനത്തിൽ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024-ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം സാധൂകരിക്കുന്നതും, കെയ്സിന്റെ ഓർഗനോഗ്രാം അംഗീകരിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ കമ്പനീസ് ആക്ട് സെക്ഷൻ 8 പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE). സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലായി നടന്നുവരുന്ന നൈപുണ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി കെയ്സിനെ ഒരു സ്കിൽ ഡെവലപ്മെന്റ് മിഷനായി രൂപീകരിച്ച് കൊണ്ട് 02.12.2016-ലെ സ.ഉ(സാധാ) നം 1501/2016/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 28.05.2018-ലെ സ.ഉ(അച്ചടി) നമ്പർ. 47/2018/തൊഴിൽ പ്രകാരം സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പു വരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായും ബന്ധം

സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി ഒരു സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ നിശ്ചയിക്കുകയും, സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിരിക്കുന്ന KASE-നെ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുവാൻ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

3) സംസ്ഥാന സ്കിൽ സെക്രട്ടറിയേറ്റ് എന്ന നിലയിലും, സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിലുമുള്ള ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനു വേണ്ടുന്ന മാനവവിഭവശേഷി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് വളരെ കുറവായിരുന്നു. ആയതിനാൽ തന്നെ കെയ്സിന്റെ ദൈനംദിന പ്രവർത്തനത്തെ പോലും ഈ കുറവ് സാരമായി ബാധിച്ചിട്ടുണ്ടായിരുന്നു. നിലവിൽ കെയ്സിൽ മാനേജിങ് ഡയറക്ടർ, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ, ഫിനാൻസ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നിങ്ങനെ നാല് തസ്തികകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. 28.10.2013 തീയതിയിലെ സ.ഉ(കൈ)നം.131/2013/തൊഴിൽ പ്രകാരം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിൽ 70,000/- രൂപ മൊത്തശമ്പളം (consolidated pay) നൽകി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. 28.12.2019 ലെ സ.ഉ.(കൈ)നം.70/2019/തൊഴിൽ പ്രകാരം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ തസ്തികയുടെ മൊത്തശമ്പളം 01.04.2018 മുതൽ 1,20,000/- രൂപ ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു.

4) കെയ്സിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024-ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമ പ്രകാരം ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ മൊത്തശമ്പളം 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. കെയ്സിലെ സി.ഒ.ഒ തസ്തിക സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള തസ്തിക ആയതിനാൽ പ്രസ്തുത തസ്തികയുടെ ശമ്പള വർദ്ധനവ് തീരുമാനിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

5) നിലവിൽ കെയ്സിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ പലരും 10 വർഷം വരെ പ്രസ്തുത മേഖലകളിൽ പ്രവൃത്തിപരിചയം ഉള്ളവരാണ്. കെയ്സിലെ കരാർ ജീവനക്കാരുടെ നിയമനരീതി ഒരു വർഷത്തേക്കുള്ള കരാർ നിയമനമാണ്. വാർഷിക പെർഫോർമൻസ് അപ്രൈസൽ നടത്തിയ ശേഷം പ്രകടനം തൃപ്തികരമാണെങ്കിൽ കരാർ പുതുക്കി നൽകുന്നതാണ് നിലവിലെ രീതി. എന്നിരുന്നാലും കരാർ പുതുക്കി നൽകുമ്പോൾ വാർഷിക വർദ്ധനവോ സ്ഥാനകയറ്റമോ നൽകിയിരുന്നില്ല.

6) ശമ്പളപരിഷ്കരണവും മറ്റ് ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പരാതി, കെയ്സിന്റെ 29-ാമത് ഭരണസമിതി യോഗം പരിഗണിക്കുകയും, നിലവിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണവും മറ്റ്

ആനുകൂല്യങ്ങളും വിശദമായി പഠിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കുവാൻ മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും, കെയ്സിന്റെ സ്ഥാപന ഘടന ഉൾപ്പെടുന്ന എച്ച്.ആർ. പോളിസി രൂപപ്പെടുത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ഏൽപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കെയ്സിന്റെ എച്ച്.ആർ. പോളിസി രൂപപ്പെടുത്തുന്നതിനോടൊപ്പം തന്നെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും മറ്റു ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട അപാകത പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുതമേഖലയിൽ പരിജ്ഞാനമുള്ള ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD)-യെ കെയ്സിലെ മാനേജിങ് ഡയറക്ടർ ചുമതലപ്പെടുത്തുകയുണ്ടായി.

7) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) വിശദമായ പഠനം നടത്തുകയും, നിലവിലെ ജീവനക്കാരുടെ അനുഭവജ്ഞാനവും, വിദ്യാഭ്യാസ യോഗ്യതയും, സമാന മേഖലകളിലെ ശമ്പളനിലവാരവും കണക്കിലെടുത്ത് ആനുപാതികമായി കെയ്സിലെ ശമ്പളപരിഷ്കരണത്തിനുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് കെയ്സിന്റെ 31-മത് ഭരണസമിതി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും സി.എം.ഡി സമർപ്പിച്ച ശമ്പള പരിഷ്കരണ നിർദ്ദേശങ്ങൾ ഭരണസമിതിയുടെ അംഗീകാരത്തോടെ 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയതിനുശേഷം ആയതിന്റെ സാധൂകരണത്തിനുവേണ്ടി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും, പ്രസ്തുത

ശമ്പള പരിഷ്കണവുമായി ബന്ധപെട്ട് വരുന്ന അധിക സാമ്പത്തിക ബാധ്യത കെയ്സിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും ഭരണസമിതി യോഗം തീരുമാനിച്ചു.

8) എച്ച് ആർ പോളിസി തയ്യാറാക്കുന്നതിന്റെ ഭാഗമായി സി.എം.ഡി-യിൽ നിന്നും സമർപ്പിച്ച ഓർഗനോഗ്രാം കെയ്സിന്റെ 31-ാം മത് ബോർഡ് യോഗം വിശദമായി ചർച്ചചെയ്യുകയും, സംസ്ഥാന സ്കിൽ സെക്രട്ടേറിയറ്റ് എന്ന നിലയിലും, സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിലുമുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ഓർഗനോഗ്രാമും, എച്ച്.ആർ പോളിസിയും അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓർഗനോഗ്രാം അംഗീകരിക്കുകയും ചെയ്തു. ആയത് പ്രകാരം സി.എം.ഡി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള ശമ്പള പരിഷ്കരണവും, തസ്തിക പുനഃനിർണ്ണയവും 2024 ജനുവരി മാസം മുതൽ കെയ്സിലെ മാനേജിംഗ് ഡയറക്ടറുടെ 03/02/2024 ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം പ്രകാരം നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി.

9) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ (തീരുമാനം നം.31/06/2023-24) അടിസ്ഥാനത്തിൽ 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024

ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം സാധൂകരിക്കുന്നതിനും, കെയ്സിന്റെ ഓർഗനോഗ്രാം അംഗീകരിക്കുന്നതിനും എം.ഡി.കെയ്സ് ശിപാർശ സമർപ്പിച്ചിരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024 ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം അനുബന്ധം-1-ലും, കെയ്സിന്റെ ഓർഗനോഗ്രാം അനുബന്ധം-2 ലും ചേർത്തിട്ടുണ്ട്.

10) മേൽശിപാർശയിന്മേൽ ധനകാര്യ വകുപ്പ് താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"ഭരണവകുപ്പിനെ ചുവടെ ചേർക്കും പ്രകാരം അറിയിക്കുന്നു:*

*1) KASE സർക്കാർ അനുമതിയില്ലാതെ വരുത്തിയിട്ടുള്ള ക്രമത്തിൽ കവിഞ്ഞ വർദ്ധനവ് തിരിച്ചുപിടിക്കുന്നതിനു പകരം ഭാവിയിൽ അനുവദിക്കുന്ന വർദ്ധനവിൽ തട്ടിക്കിഴിക്കുമെന്ന വ്യവസ്ഥയിൽ, സാധൂകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുക.*

*2) ഓർഗനോഗ്രാം തയ്യാറാക്കി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമ്പോൾ, സ്ഥാപനത്തിൽ നിലവിലുള്ള ജീവനക്കാർക്ക് കൂടി സംരക്ഷണം ലഭിക്കാനുള്ള നടപടി സ്വീകരിക്കുക.*

*3) ഭാവിയിൽ സർക്കാർ അനുമതിയോടെ മാത്രമേ ശമ്പള പരിഷ്കരണം നടപ്പാക്കാവൂ എന്ന് കർശനമായി സ്ഥാപനത്തോട് നിർദ്ദേശിക്കുക.*

*ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."*

11) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ (തീരുമാനം നം.31/06/2023-24) അടിസ്ഥാനത്തിൽ 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024 ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം സാധൂകരിക്കുന്നതിനും, നിലവിലുള്ള ജീവനക്കാർക്ക് കൂടി സംരക്ഷണം ലഭ്യമാകത്തക്കവിധം കെയ്സ് ലഭ്യമാക്കിയ ഓർഗനോഗ്രാം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

1) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 31-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024 ജനുവരി മാസം മുതൽ നടപ്പിലാക്കിയ കെയ്സിലെ കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, തസ്തിക പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച 03/02/2024 ലെ KASE/1031/2020/Exe5 നമ്പർ നടപടിക്രമം, (അനുബന്ധം-1) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സർക്കാർ അനുമതിയില്ലാതെ വരുത്തിയിട്ടുള്ള ക്രമത്തിൽ കവിഞ്ഞ വർദ്ധനവ് തിരിച്ചുപിടിക്കുന്നതിനു പകരം ഭാവിയിൽ അനുവദിക്കുന്ന വർദ്ധനവിൽ തട്ടിക്കിഴിക്കുന്നതാണ്, ഭാവിയിൽ സർക്കാരിന്റെ മുൻകൂർ

അനുമതിയോടെ മാത്രമെ ശമ്പള പരിഷ്കരണം നടപ്പിലാക്കാവൂ തുടങ്ങിയ നിബന്ധനകൾക്ക് വിധേയമായി സാധൂകരിക്കാമോ?

2) നിലവിലുള്ള ജീവനക്കാർക്ക് കൂടി സംരക്ഷണം ലഭ്യമാകത്തക്കവിധം കെയ്സിലെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(KASE)-ന്റെ ഓർഗനോഗ്രാം (അനുബന്ധം-2) അംഗീകരിക്കാമോ ?

ഭരണാനുമതി 1

KASE/1031/2020-Exe5

/671050/2024

# KERALA ACADEMY FOR SKILLS EXCELLENCE

(A Government of Kerala Undertaking)
Registered Office: 3rd Floor, Carmel Tower, Vazhuthacaud,
Thiruvananthapuram- 695 014.

## PROCEEDINGS OF THE MANAGING DIRECTOR

(Present Dr Veena N Madhavan IAS)

**Sub:** KASE – Revision of Salary and Re-designation of posts - Sanctioned - Orders Issued.

**Read**: 1) Letter no.CMD/RKB/121-A/2024 dated 19/01/2024 from CMD
2) Decision no. 31/6 of 31 st Board of KASE

**ORDER No. KASE/1031/2020-Exe5 DATED: 03-02-2024**

The 29th Director Board meeting of KASE held on 22 nd December 2022 discussed in detail about the corrective measures to address the grievances of KASE employees related to promotion and salary fixation. The Board has then authorised Managing Director KASE to engage CMD for framing an HR Policy for KASE. The Board also authorised the Managing Director to prepare a proposal for anomaly fixation in tune with the HR Policy framed by CMD.

As authorised by the Board of Directors, CMD was engaged to study the anomalies in the current pay structure, prepare an organogram, develop HR Policy and to submit a revised salary structure for the employees of KASE. The CMD has conducted detailed study and submitted an organogram and has suggested re-designating some posts as part of anomaly fixation. The CMD has also submitted a report for revision of salary considering the educational qualifications and experience of KASE employees. The proposal submitted by the CMD was placed before the 31st Board meeting held on 23.01.2024 and Board approved the proposal, including the revision of salary of the employees w.e.f January 2024 with direction to submit a proposal for the ratification of the salary revision to the government. Board also authorized the MD to meet the additional financial commitment on account of the pay revision from own revenue of KASE.

**Accordingly, the Re-designation of certain posts and revision of salary is sanctioned w.e.f January 2024 as detailed below:**


| Sl. No | Name and Designation of Employees | Consolidated Pay (Present) | Re-designation | Revised Salary |
|---|---|---|---|---|
| 1 | Vinod T V, Chief Operating Officer | 1,20,000 | No change | 1,50,000 |
| 2 | Subin Das. S, Manager (Operations) | 70,000 | Manager (Operations & Strategy) | 80,000 |
| 3 | Reshmi.M B, Manager (HR & Placements) | 70,000 | Manager (HR & Administration) | 80,000 |
| 4 | Anoop R, Manager Skill Development | 70,000 | No change | 80,000 |
| 5 | Malin.M, Manager (Projects & New Initiatives) | 70,000 | Manager (Projects) | 80,000 |
| 6 | Aneesh R, Assistant Manager (F&A) | 43,000 | Accounts Manager | 70,000 |
| 7 | Sivadutt.S, Project Manager (Civil) | 50,000 | No change | 55,000 |
| 8 | Smitha.C, Senior Executive Project | 40,000 | Assistant Manager (Projects) | 55,000 |

| | | | | |
|---|---|---|---|---|
| 9 | Midhun M, Executive- Accounts | 30,000 | Senior Executive (Accounts) | 45,000 |
| 10 | Anu Nair, Executive Administration | 30,000 | Senior Executive (Administration) | 45,000 |
| 11 | Harsha P S, Senior Executive (IT) | 40,000 | No change | 45,000 |
| 12 | Anandhu Krishnan KS, Executive Projects | 30,000 | Senior Executive (Placements) | 45,000 |
| 13 | Jopaul P Vergil, Project Engineer (Civil) | 35,000 | No change | 45,000 |
| 14 | Adityan. A, Project Engineer (Electrical) | 35,000 | No change | 45,000 |
| 15 | Hariprasand R, Facilities Coordinator | 35,000 | No change | 45,000 |
| 16 | Anju K Raju, Executive Accounts | 35,000 | No change | 40,000 |
| 17 | Nikhil Sudheesh, Executive Projects | 30,000 | Executive (Training) | 40,000 |
| 18 | Abhilash A J, Executive HR & Admin | 30,000 | Executive (HR) | 40,000 |
| 19 | Dhanya Mohan S, EA to MD | 30,000 | No change | 40,000 |
| 20 | Praveena Sankar P, CA to COO | 25,000 | Executive Assistant to COO | 30,000 |
| 21 | Yasoda N, Executive Front Office | 25,000 | Junior Executive (Reception Operations) | 30,000 |
| 22 | Priya K, Data Entry Operator cum Telecaller | 21,175 | No change | 21,810 |
| 23 | Ratheesh Kumar V, Driver | 20,872 | No change | 22,567 |
| 24 | Sreekanth V, Office Assistant | 18,390 | No change | 19,510 |
| 25 | Abhilash A, Office Assistant | 18,390 | No change | 19,510 |
| 26 | Akash S L, OACum Multi-Tasking Staff | 18,390 | Office Assistant | 19,510 |
| 27 | Sarath S, BDM cum Centre Manager Kollam | 35,000 | Business Development Executive | 40,000 |
| 28 | Soorya K R, BDM cum Centre Manger Kozhikode | 35,000 | Business Development Executive | 40,000 |
| 29 | Sethulakshmi M, BDM cum Centre Manager Palakkad | 35,000 | Business Development Executive | 40,000 |
| 30 | Arun T, BDM cum Centre Manager Kasaragod | 35,000 | Business Development Executive | 40,000 |

The proposal for the ratification of the salary revision shall be submitted to government as per the decision of the Board.

**Dr VEENA N MADHAVAN IAS**
**Managing Director**
**Kerala Academy for Skills Excellence**

അനുബന്ധം 2




| | |
|---|---|
| | Vacant Post (By Promotion) |
| | Post Created by GO |
| | Post Created by Board |
| | Post Created by Board & Current requirement |

| Sl. No | Designation | Current Status | No. of Posts |
|---|---|---|---|
| 1 | Managing Director (MD) | Post Created by GO | |
| 2 | Chief Operating Officer (COO) | Post Created by GO | |
| 3 | Finance Officer (FO) | Post Created by GO | |
| 4 | Company Secretary (CS) | Post Created by GO | |
| 5 | Deputy General Manager (DGM) | Post Created by Board | 1 |
| 6 | Assistant General Manager (AGM) | Post Created by Board | 5 |
| 7 | Manager | Post Created by Board | 4 |
| 8 | Accounts Manager | Post Created by Board | 1 |
| 9 | Project Manager Civil | Post Created by Board | 1 |
| 10 | Senior Officer | Post Created by Board | 2 |
| 11 | Senior Officer Accounts | Post Created by Board | 1 |
| 12 | Project Engineer | Post Created by Board | 2 |
| 13 | Divisional Officer | Post Created by Board | 13 |
| 14 | Business Development Officer | Post Created by Board | 6 |
| 15 | Executive Assistant to MD (EA to MD) | Post Created by Board | 1 |
| 16 | Executive Assistant to COO (EA to COO) | Post Created by Board | 1 |
| 17 | Junior Executive - Reception & Front Office Operations | Post Created by Board | 1 |
| 18 | Junior Executive - Data Entry Operator cum Telecaller | Post Created by Board | 1 |
| 19 | Driver | Post Created by Board | 1 |
| 20 | Office Assistant | Post Created by Board | 3 |
| | **Total No. of Required Posts** | | 44 |